ഐടി അറ്റ് സ്കൂൾ പ്രോജക്ടിന് വേൾഡ് ഈസ് ഓപൺ അവാർഡ്

തിരുവനന്തപുരം: ദേശീയതലത്തിൽ ഓപൺ സോഴ്സ് ഉപയോഗിച്ചുള്ള മികച്ച പ്രോജക്ടുകൾക്ക് ഏർപ്പെടുത്തിയ 'ദ വേൾഡ് ഈസ് ഓപൺ അവാർഡ്' പൊതുവിദ്യാഭ്യാസ വകുപ്പിൻെറ ഐടി അറ്റ് സ്കൂൾ പ്രോജക്ടിന് ലഭിച്ചു. സ്കോച്ച് കൺസർട്ടൻസി സർവീസും റെഡ്ഹാറ്റും സംയുക്തമായാണ് അവാർഡ് ഏർപ്പെടുത്തിയത്. ദൽഹിയിലെ ഇന്ത്യാ ഹാബിറ്റാറ്റ് സെൻററിൽ നടന്ന ചടങ്ങിൽ ഐടി അറ്റ് സ്കൂൾ പ്രോജക്ട് എക്സിക്യൂട്ടീവ് ഡയറക്ടർ കെ. അൻവർ സാദത്ത് പി.എൻ.ബി സി.എം.ഡി ഡോ. ചക്രബർത്തിയിൽ നിന്ന് അവാർഡ് ഏറ്റുവാങ്ങി. എജുസാറ്റിൽ വിദ്യാഭ്യാസത്തിന് മാത്രമായി നോൺ -ഇൻററാക്ടീവ് ചാനൽ, പ്രതിവർഷം 16 ലക്ഷം വിദ്യാർഥികൾക്കായി സ്വതന്ത്ര സോഫ്ട്‌വെയർ അധ്യയനവും പരീക്ഷയും നടത്തുന്നത് വിപുലമായ പരീശീലന -സഹായക സമ്പ്രദായം തുടങ്ങി വിദ്യാഭ്യാസ മേഖലയിൽ സമാനതകളില്ലാത്ത മാതൃകയാണ് ഐടി അറ്റ് പ്രോജക്ടെന്ന് ജൂറി അഭിപ്രായപ്പെട്ടു. കൺട്രോളർ ഓഫ് സർട്ടിഫയിംഗ് അതോറിറ്റി ഡോ. വിജയാദിത്യ ഐ.ഐടി മുംബെയിയെല ഡോ. ഫഠക് തുടങ്ങിയവരുൾപ്പെടുന്ന ജൂറി ഇന്ത്യയിലെ 163 പ്രോജക്ടുകൾ വിലയിരുത്തിയാണ് വിദ്യാഭ്യാസ മേഖലയിലെ ഐടി അറ്റ് സ്കൂൾ പ്രോജക്ടിനെ തെരഞ്ഞെടുത്തത്.

ദൽഹിയിലെ ഇന്ത്യാഹാബിറ്റാറ്റ് സെൻററിൽ നടന്ന ചടങ്ങിൽ ഐടി അറ്റ് സ്കൂൾ പ്രോജക്ട് എക്സിക്യൂട്ടീവ് ഡയറക്ടർ കെ. അൻവർ സാദത്ത് പി. എൻ. ബിയുടെ സി.എം.ഡി ഡോ. ചക്രബർത്തിയിൽ നിന്ന് 'ദ വേൾഡ് ഈസ് ഓപൺ അവാർഡ്' ഏറ്റുവാങ്ങുന്നു

മൂലമ്പള്ളി: പ്രത്യേക പാക്കേജ് അംഗീകരിച്ചു

തിരുവനന്തപുരം: വല്ലാർപ്പാടം കണ്ടയ്നർ ടെർമിനൽ പദ്ധതിക്കായി മൂലമ്പള്ളിയിൽ കുടിയൊഴിപ്പിക്കപ്പെടുന്നവർക്കുള്ള പ്രത്യേക പുനരധിവാസ പാക്കേജ് അംഗീകരിച്ച് ഉത്തരവുകൾ പുറപ്പെടുവിച്ചു. നഷ്ടപരിഹാരത്തുകക്ക് പുറമേ അനുവദിക്കപ്പെട്ട പാക്കേജ് പ്രകാരം മൂലമ്പള്ളിയിൽ കുടിയൊഴിപ്പിക്കപ്പെടുന്ന കുടുംബങ്ങളിൽ ഒന്ന് മുതൽ അഞ്ച് സെൻറ് വരെ ഭൂമി നഷ്ടപ്പെടുന്നവർക്ക് അഞ്ച് സെൻറ് സ്ഥലവും അഞ്ച് സെൻറിന് മുകളിൽ ഭൂമി നഷ്ടപ്പെടുന്നവർക്ക് ആറു സെൻറ് സ്ഥലവും ലഭിക്കും. അനുവദിക്കുന്ന ഭൂമി വാസയോഗ്യമാക്കാനുള്ള ചെലവ് കൊച്ചിൻ പോർട്ട് ട്രസ്റ്റ് വഹിക്കും. ഇവിടെ വീട് നഷ്ടപ്പെടുന്നവർക്ക് അടുത്ത പത്ത് മാസക്കാലത്തേക്ക് വീട്ടുവാടകയിനത്തിൽ 50000 രൂപ ഒന്നിച്ച് മുൻകൂറായി നൽകും. വീട്ടുപകരണങ്ങൾ പുതിയ വാസ സ്ഥലത്തേക്ക് മാറ്റുന്നതിനും മറ്റ് പ്രാഥമിക ആവശ്യങ്ങൾക്കുമായി 10000രൂപ കൂടി നൽകും. കുടിയൊഴിപ്പിക്കടുന്ന കുടുംബങ്ങളുടെ താമസത്തിന് പുതിയ[illegible]ടുകൾ പൂർത്തിയാകുമ്പോൾ വെള്ളം വൈദ്യ[illegible] കണക്ഷനുകൾക്ക് മുൻഗണന നൽകും. വല്ലാ[illegible]ടം കണ്ടയ്നർ ടെർമിനൽ പദ്ധതിക്കായി മറ്റ് പ്ര[illegible]ശങ്ങളിൽ നിന്ന് കുടിയൊഴിപ്പിക്കപ്പെടുന്നവർ[illegible] നാല് സെൻറ് ഭൂമി അനുവദിക്കും. നഷ്ടപരിഹ[illegible]ത്തുക ആദായ നികുതിയിൽ നിന്ന് ഇളവ് നൽ[illegible]ന്ന കാര്യം കേന്ദ്രഗവൺമെൻറിനോട് ആവശ്യ[illegible]ടാൻ പോർട്ട് ട്രസ്റ്റിനെ ചുമതലപ്പെടുത്തിയ[illegible]ണ്ടെന്നും കുടിയൊഴിപ്പിക്കപ്പെടുന്ന കുടുംബ[illegible]ളിൽ നിന്ന് ഒരാൾക്ക് യോഗ്യതയനുസരിച്ച് വല്ല[illegible]പ്പാടം പദ്ധതിയിൽ ജോലി നൽകുന്നതാണെന്[illegible] മന്ത്രി കെ.പി. രാജേന്ദ്രൻ വെളിപ്പെടുത്തി. ഉത്[illegible]വുകൾ നടപ്പാക്കുന്നത് സംബന്ധിച്ച് തുടർ ന[illegible]ടികൾ എറണാകുളം കലക്ടർ സ്വീകരിക്കുന്ന[illegible]ണെന്നും മന്ത്രി പറഞ്ഞു.